**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2271** **11-10-2021 - ൽ മറുപടിയ്ക്ക്**

**പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരുടെ മാനസിക സമ്മർദം ലഘൂകരിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരുടെ അമിത ജോലിഭാരവും പ്രാദേശിക രാഷ്ട്രീയ ഇടപെടലുകളും കാരണം ഉണ്ടാകുന്ന മാനസിക സമ്മർദം ലഘൂകരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | കാസർഗോഡ് ജില്ലയിലെ വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിലെ ജീവനക്കാരി ആത്മഹത്യ ചെയ്യാനിടയായ സാഹചര്യം ഗൗരവമായി പരിശോധിച്ച് ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ നടപടി സ്വീകരിക്കാമോ; | (ബി) | പഞ്ചായത്ത് ഡയറക്ടർ തലത്തിൽ പരിശോധിച്ചു വരുന്നു. |
| (സി) | അമിത ജോലിഭാരം കണക്കിലെടുത്ത് പഞ്ചായത്ത് വകുപ്പിൽ മതിയായ സ്റ്റാഫ് പാറ്റേൺ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഗ്രാമപഞ്ചായത്തുകൾ മുനിസിപ്പാലിറ്റികളാക്കി മാറ്റിയതുകൊണ്ടും മുനിസിപ്പൽ കോർപ്പറേഷനുകളോട് കൂട്ടിച്ചേർത്തതുകൊണ്ടും ഇല്ലാതായ 37 ഗ്രാമപഞ്ചായത്തുകളിൽ അധികമായി വന്ന പഞ്ചായത്തുവകുപ്പിലെ 448 ജീവനക്കാരെ പഞ്ചായത്ത് വകുപ്പിൽ തന്നെ നിലനിർത്തുന്നതിനായി പഞ്ചായത്തുവകുപ്പിൽ 29 സീനിയർ സൂപ്രണ്ട് തസ്തികകളും 37 അസിസ്റ്റന്റ് സെക്രട്ടറി തസ്തികകളും 146 സീനിയർ ക്ലാർക്ക്, 170 ക്ലാർക്ക് തസ്തികകളും , 66 ഓഫീസ് അറ്റൻഡന്റ് തസ്തികകളും 2017 ജൂണിൽ സൃഷ്ടിച്ചിരുന്നു. അട്ടപ്പാടി മേഖലയുടെ വികസനത്തിനായി പ്രവർത്തിച്ച അഹാഡ്സ് അവസാനിപ്പിച്ചതിന്റെ ഭാഗമായി 5 ക്ലാർക്ക് തസ്തികകളും 9 ഓഫീസ് അറ്റന്റന്റ് തസ്തികകളും പഞ്ചായത്ത് വകുപ്പിൽ 2021 ഫെബ്രുവരിയിൽ സൂപ്പർ ന്യൂമററിയായി അനുവദിച്ചിട്ടുണ്ട്. ചരക്ക് സേവന നികുതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് ചെക്ക് പോസ്റ്റുകൾ നിർത്തലാക്കിയതിലൂടെ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ അധികമായി വന്ന 208 ഓഫീസ് അറ്റന്റന്റ് തസ്തികകൾ സർക്കാരിന്റെ |

| | | | |
|---|---|---|---|
| | | | 02.07.2021 തീയതിയിലെ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിലേക്ക് അധിക തസ്തികയായി പുനർവിന്യസിച്ചിരുന്നു. വർദ്ധിച്ച ജോലിഭാരത്തിന് അനുസൃതമായി അധിക തസ്തികകൾ അനുവദിക്കുന്നത് സംബന്ധിച്ച് പരിശോധിച്ച് നടപടി എടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ